"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - 2004, 2009 ശമ്പള പരിഷ്കരണം - ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടായിട്ടുള്ള ജീവനക്കാർക്ക് റീ-ഓപ്ഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പ്**

**സ.ഉ.(അച്ചടി) നം.83/2025/FIN** **തീയതി, തിരുവനന്തപുരം, 04-07-2025**

---

പരാമർശം:-

1. സ.ഉ. (പി) നം. 145/2006/ധന. തീയതി 25/03/2006.
2. സ.ഉ. (പി) നം. 85/2011/ധന. തീയതി 26/02/2011 &
   സ.ഉ. (പി) നം. 143/2011/ധന. തീയതി 30/03/2011.
3. സ.ഉ. (പി) നം. 86/2011/ധന. തീയതി 26/02/2011 &
   സ.ഉ. (പി) നം. 144/2011/ധന. തീയതി 30/03/2011.
4. സ.ഉ. (പി) നം. 572/2007/(83)/ധന. തീയതി 29/11/2007.
5. സ.ഉ. (പി) നം. 8/2012/ധന. തീയതി 05/01/2012.
6. സ.ഉ. (പി) നം. 176/2012/(56)/ധന. തീയതി 24/03/2012.
7. സ.ഉ. (പി) നം. 96/2018/ധന. തീയതി 22/06/2018.
8. സ.ഉ. (പി) നം. 170/2021/ധന. തീയതി 17/12/2021.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും യൂണിവേഴ്സിറ്റി ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും പരാമർശം 1, 2, 3 ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ച് ഉത്തരവായിരുന്നു. തുടർന്ന്, 2004 ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടായിട്ടുള്ള ജീവനക്കാർക്ക് നിബന്ധനകൾക്കു വിധേയമായി റീ-ഓപ്ഷൻ സമർപ്പിക്കാൻ പരാമർശം 5 ഉത്തരവ് പ്രകാരവും, 2009 ശമ്പള പരിഷ്കരണത്തിന് യുക്തിപൂർവ്വമല്ലാത്തതോ അസാധുവായതോ ആയ ഓപ്ഷൻ സമർപ്പിച്ചിരുന്ന ജീവനക്കാർക്ക് റീ-ഓപ്ഷൻ സമർപ്പിക്കുവാൻ പരാമർശം 6 ഉത്തരവ് പ്രകാരവും സർക്കാർ അനുമതി നൽകിയിരുന്നു. 2004, 2009 ശമ്പള പരിഷ്കരണങ്ങളെ തുടർന്നുള്ള ആഡിറ്റ് പരിശോധനകളിൽ തെറ്റായ ശമ്പള നിർണ്ണയത്തിനെതിരെ തടസ്സവാദം ഉന്നയിക്കുക വഴി ശമ്പളത്തിൽ കുറവുണ്ടാകുകയും അധികം കൈപ്പറ്റിയ തുക തിരിച്ചടയ്ക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ശമ്പള പരിഷ്കരണങ്ങൾക്ക് റീ-ഓപ്ഷൻ അനുവദിച്ചുകൊണ്ട് പരാമർശം 7, 8 പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2) സൂചന 8 ലെ ഉത്തരവ് കാലാവധി കഴിഞ്ഞ് 2004, 2009 ശമ്പള പരിഷ്കരണങ്ങളെ തുടർന്നുള്ള

ആഡിറ്റ് പരിശോധനകളിൽ തെറ്റായ ശമ്പള നിർണ്ണയത്തിനെതിരെ തടസ്സവാദം ഉന്നയിക്കുക വഴി ശമ്പളത്തിൽ കുറവുണ്ടാകുകയും അധികം കൈപ്പറ്റിയ തുക തിരിച്ചടയ്ക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ശമ്പള പരിഷ്കരണങ്ങൾക്ക് റീ-ഓപ്ഷൻ അനുവദിയ്ക്കണമെന്നപേക്ഷിച്ച് ധാരാളം അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ പരാമർശം 1, 2, 3 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൽ ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടായിട്ടുള്ള ജീവനക്കാർക്ക്, ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 2004, 2009 ശമ്പള പരിഷ്കരണങ്ങൾക്ക് റീ-ഓപ്ഷൻ അനുവദിച്ച് ഉത്തരവാകുന്നു.

1. 2004, 2009 ശമ്പളപരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന്മേൽ ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടായിട്ടുള്ള ജീവനക്കാർക്ക് മാത്രമേ ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന റീ-ഓപ്ഷൻ ആനുകൂല്യത്തിന് അർഹതയുള്ളൂ. ആയതിനു മുമ്പുള്ള ശമ്പള പരിഷകരണങ്ങൾക്കോ സമയ ബന്ധിത ഹയർഗ്രേഡ് പ്രൊമോഷനുകൾക്കോ ഈ ഉത്തരവ് ബാധകമല്ല.
2. മേൽ ശമ്പള പരിഷ്കരണങ്ങൾക്ക് റീ-ഓപ്ഷൻ സമർപ്പിക്കേണ്ട സമയപരിധി ഈ ഉത്തരവ് തീയതി മുതൽ 3 മാസമായിരിക്കും. യാതൊരു കാരണവശാലും റീ-ഓപ്ഷൻ സമർപ്പിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതല്ല.
3. ഈ ഉത്തരവിന്റെ സമയ പരിധിയ്ക്ക് ശേഷം 2004, 2009 ശമ്പളപരിഷ്കരണ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന്മേൽ ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവുണ്ടാകുന്ന ജീവനക്കാർ ആഡിറ്റ് തടസ്സവാദ തീയതി മുതൽ 3 മാസത്തിനകം റീ-ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത ശമ്പളപരിഷ്കരണങ്ങൾക്ക് റീ-ഓപ്ഷന് അർഹതയുണ്ടാവുകയില്ല.
4. ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന റീ-ഓപ്ഷന്, റീ-ഓപ്ഷൻ സമർപ്പിയ്ക്കുന്ന തീയതിവരെ ഒരു തരത്തിലുള്ള കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കുന്നതല്ല. ഇതിനു വിരുദ്ധമായി അധിക തുക അനുവദിയ്ക്കുന്ന പക്ഷം, പ്രസ്തുത തുകയുടെ പലിശ കേരളാ ഫിനാൻഷ്യൽ കോഡിൽ സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ ശമ്പള നിർണ്ണയ അധികാരികളിൽ നിന്നും ഈടാക്കുന്നതാണ്.
5. യഥാർത്ഥ ഓപ്ഷൻ തിയതി മുതൽ റീ-ഓപ്ഷൻ പ്രാബല്യത്തീയതി വരെ അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് റീ-ഓപ്ഷൻ അനുവദിയ്ക്കുന്നതുവഴി ലഭിയ്ക്കുന്ന കുടിശ്ശിക തുകയിൽ തട്ടിക്കിഴിക്കേണ്ടതും, ബാക്കി തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് മുഴുവനായി 22/06/90 ലെ 43/90/ധന സർക്കുലറിൽ നിഷ്കർഷിച്ചിരിയ്ക്കുന്ന സമയപരിധിയ്ക്കകം പുതുക്കിയ ശമ്പളം അനുവദിക്കുന്നതിനു മുമ്പായി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.
6. സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്കും ഈ ഉത്തരവ് പ്രകാരം റീ-ഓപ്ഷന് അർഹതയുണ്ടായിരിക്കും. എന്നാൽ ടെർമിനൽ ലീവ് സറണ്ടർ ശമ്പളത്തിന്റെ കുടിശ്ശിക അനുവദിയ്ക്കുന്നതല്ല.

7. 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകളിലെ അനുബന്ധം II പ്രകാരം പരിഷ്കരിച്ച ശമ്പളസ്കെയിലിൽ ശമ്പള നിർണ്ണയം നടത്തുന്നത് സംബന്ധിച്ച് ഓപ്ഷൻ മാതൃക ഉൾപ്പെടെയുള്ള ചട്ടങ്ങൾക്കനുസൃതമായി റീ-ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.
8. ഈ ഉത്തരവ് പ്രകാരം അനുവദിയ്ക്കുന്ന റീ-ഓപ്ഷനുള്ള അപേക്ഷ ബന്ധപ്പെട്ട അധികാരികൾക്കോ/ വകുപ്പ് തലവൻമാർക്കോ സമർപ്പിക്കേണ്ടതാണ്. അതിന് പ്രത്യേക സർക്കാർ അനുമതി ആവശ്യമില്ല.
9. സംശയമുള്ള വിഷയങ്ങൾ ഉചിതമാർഗ്ഗേന സർക്കാരിലേക്ക് അയച്ച് വ്യക്തത വരുത്താവുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**അഹമ്മദ് കബീർ വൈ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-I/II), കേരള, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം.
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറിമാർ.
5. ബഹു. ഗവർണറുടെ സെക്രട്ടറി.
6. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
7. എല്ലാ വകുപ്പ് തലവൻമാർക്കും.
8. എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും.
9. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
10. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
11. നോഡൽ ഓഫീസർ, www.finance.kerala.gov.in
12. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (E-2866791)

ഉത്തരവിൻ പ്രകാരം

**Signed by Mini Viji A V**
**Date: 04-07-2025 15:39:29**

സെക്ഷൻ ഓഫീസർ